മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ഹോസ്റ്റലിനു് അടുത്തു തന്നെ—അവരുടെ വീട്ടിൽ—താമസിയ്ക്കുവാൻ സൌകര്യമുള്ള വിദ്യാർത്ഥികൾ ഈ ഹോസ്റ്റലിൽ ചേരണമെന്നു് നിർബ്ബന്ധമുണ്ടോ ?

രാമവർമ്മ തമ്പുരാൻ.—നിർബ്ബന്ധമില്ല, സാധനങ്ങൾക്കു വില വളരെ കൂറഞ്ഞതുകൊണ്ടാണു് നമ്മുടെ ആക്കി കുറച്ചതു്.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ.—കഴിഞ്ഞ കൊടുത്തിരുന്നു എന്നു പറഞ്ഞതു് മാസാന്തം തന്നെ മുമ്പു കൊടുത്തിരുന്നുവോ ?

രാമവർമ്മ തമ്പുരാൻ.—കൊടുത്തിരുന്നു. ഹോസ്റ്റൽ തുറന്നിട്ടതന്നെ കുറച്ചു കാലമേ ആയിട്ടുള്ളൂ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഹോസ്റ്റലിൽ താമസിയ്ക്കുന്ന കുട്ടികൾ അധികം ആഹാരം കഴിയ്ക്കാറുണ്ടോ ?

രാമവർമ്മ തമ്പുരാൻ.— ഹോസ്റ്റലിൽ ചേരുന്നതിന്റെ ഉദ്ദേശം തന്നെ ചിലവു കുറയ്ക്കുവാനാണു്.

മിസ്റ്റർ പാലം മാത്തുള്ള.—വിദ്യാർത്ഥികൾ ഹോസ്റ്റലിൽ ചേരാത്തതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ ?

രാമവർമ്മ തമ്പുരാൻ.— ഇല്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—ഒരു വിദ്യാർത്ഥിയ്ക്കു് നമ്മൾ കൊണ്ടു മതിയാകുമോ ?

രാമവർമ്മതമ്പുരാൻ.—അതേ ചിലവു വരികയുള്ളുവെന്നാണു് അറിയുന്നതു്.

Receipts and expenditure in the Trichur Cotton Hostel.

185. മിസ്റ്റർ കെ. പി. വള്ളോൻ—ക ക ഠ ന്-ൽ തൃശിവപേരൂർ കോട്ടൻ ഹോസ്റ്റലിൽ ആകെ ചിലവായിട്ടുള്ള സംഖ്യയെത്ര ?

അധഃകൃത വിദ്യാർത്ഥികളുടെ സ്റ്റൈപ്പൻഡു വകയിൽ ആകെ വരവെത്ര ?

രാമവർമ്മതമ്പുരാൻ.—ക ,ക ഒ ഒ ക

ഹോസ്റ്റൽ ബോർഡർമാരായ അധഃകൃതവിദ്യാർത്ഥികൾക്കു സ്റ്റൈപ്പണ്ടിനു് അവകാശമില്ലാത്തതുകൊണ്ടു് ആഇനത്തിൽ വരവൊന്നുമില്ല.

മിസ്റ്റർ കെ പി. വള്ളോൻ.—അധഃകൃത ഹോസ്റ്റലിൽ എത്ര വിദ്യാർത്ഥികൾ ഉണ്ടു് ?

രാമവർമ്മതമ്പുരാൻ.—എത്ര എന്നു് നിശ്ചയമില്ല. ഇരുപത്തഞ്ചോ, മുപ്പതോ പേർ കാണും.

Travelling allowance drawn by the Protector of the Depressed Classes

186. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ക ക ഠ വ-ലും ക ക ര ന-ലുമുള്ള മീനമാസങ്ങളിൽ അധഃകൃത സംരക്ഷകനവർകൾ ടാവലിംഗു് അലവൻസു് വാങ്ങീട്ടുള്ള തുകകളുടെ ഒരു ലിസ്റ്റു് അനുബന്ധമായി ചേർക്കുവാൻ ഭയമോന്നുമോ;

LIBRARY ARCHIVES Kerala Legislative Assembly